ഉത്തരം

(എ) കി.മീറ്ററിന് 10 രൂപയിൽ കുറഞ്ഞ കളക്ഷനുള്ള സർവ്വീസുകൾ നിർത്തലാക്കാൻ ജി.ഒ.(ആർ.ടി.) നം. 174/03/ട്രാൻ. തീയതി 5-5-2003 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം സ്റ്റേ സർവ്വീസുകൾ നിർത്തലാക്കിയത്.

(ബി) ഈ ആവശ്യം പരിഗണിക്കാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

(സി) പരിഗണിക്കാൻ കഴിയില്ല.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവും കെ.എസ്.ആർ.ടി.സി.-യുടെ അധിക ചെലവും

108 [562] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ പെട്രോളിയം ഉൽപ്പന്നങ്ങൾ ആവശ്യമായി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിവർഷം എന്തു തുക അധിക ചെലവ് വരുമെന്ന് പറയാമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെ തുടർന്ന് വിൽപ്പന നികുതി, പ്രവേശന നികുതി എന്നീ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന അധിക വരുമാനത്തിൽ നിന്ന് കെ.എസ്.ആർ.ടി.സി.-ക്കുണ്ടാവുന്ന അധിക ചെലവ് വഹിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിവർഷം 247.52 കോടി രൂപയുടെ പെട്രോളിയം ഉൽപ്പന്നങ്ങൾ ആവശ്യമായി വരുന്നുണ്ട്.

(ബി) പ്രതിവർഷം 18 കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly